പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ.67

03.02.2020-ൽ മറുപടിക്ക്

പി.എസ്.സി. വഴി നിയമനം

ചോദ്യം
ശ്രീ.കെ.ജെ. മാക്സി

ഉത്തരം
പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ കാലയളവിൽ നാളിതുവരെ പി.എസ്.സി. വഴി എത്ര പേർക്ക് നിയമനം നൽകിയെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31.12.2019 വരെ 1,25,401 (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി നാന്നൂറ്റി ഒന്ന്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ കാലയളവിൽ വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്നും വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ റദ്ദാക്കിയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | ഓരോ വർഷവും പി.എസ്.സി. ശരാശരി എത്ര പരീക്ഷകൾ നടത്തുന്നുണ്ടെന്നും ശരാശരി എത്ര റാങ്ക് ലിസ്റ്റുകൾ പുറപ്പെടുവിക്കുന്നുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (സി) | ഓരോ വർഷവും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശരാശരി 250-600 നമിടയ്ക്ക് പരീക്ഷകൾ നടത്തുകയും 500-1200 നമിടയ്ക്ക് റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) | റാങ്ക് പട്ടിക തയ്യാറാക്കുമ്പോൾ സംസ്ഥാന സബോർഡിനേറ്റ് ചട്ടങ്ങളിലെ '14 സി' ഉൾപ്പെടുത്തി സംവരണ ക്വാട്ട ഉറപ്പാക്കാൻ നിലവിൽ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാം; വിശദമാക്കാമോ; | (ഡി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന സാദ്ധ്യതാ പട്ടിക/ ചുരുക്കപ്പട്ടിക / റാങ്ക് പട്ടികകളിൽ ഓരോ സംവരണ സമുദായത്തിനും അനുവദിച്ചിട്ടുള്ള സംവരണ ക്വാട്ട ഉറപ്പാക്കുന്നതിലേക്കായി കെ.എസ്.&എസ്.എസ്.ആർ-ലെ ചട്ടം 14(e) പ്രകാരമുള്ള സപ്ലിമെന്ററി ലിസ്റ്റുകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് റാങ്ക് പട്ടികകൾ തയ്യാറാക്കുന്നത്. |

| | | | |
|---|---|---|---|
| (ഇ) | പി.എസ്.സി. പരീക്ഷ നടത്തിപ്പിലും റാങ്ക് ലിസ്റ്റ് തയ്യാറാക്കലിലും നിലവിൽ തുടർന്നുവരുന്ന വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് മാറ്റം വരുത്തിയത്; വിശദാംശം വ്യക്തമാക്കാമോ? | (ഇ) | കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ ആധുനിക വിവര സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നടത്താവുന്ന ക്രമക്കേടുകൾ ഉൾപ്പെടെ തടയുന്നതിനു മുന്നോടിയായി പരീക്ഷാ നടത്തിപ്പ് കർശനമാക്കിയിട്ടുണ്ട്. ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് ഓൺലൈൻ പരീക്ഷകളുടെ എണ്ണം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാത്രം പരീക്ഷ നടത്തുന്നതിനുള്ള സംവിധാനം കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ